നം.സി3/21767/2018

ക്ഷീരവികസനവകുപ്പ് ഡയറക്ടറേറ്റ്

പട്ടം, തിരുവനന്തപുരം - 695004
ഫോൺ:0471- 2445749, 2445799
ഇ-മെയിൽ dddtvm@gmail.com
തീയതി, 22/01/2019.

**സർക്കുലർ നം. 3/2019**

വിഷയം:-ക്ഷീരവികസന വകുപ്പ് - ക്ഷീരകർഷക ക്ഷേമനിധിയ്ക്ക് ലഭിക്കേണ്ട അംശാദായ കുടിശ്ശിക ഈടാക്കുന്നത് - സംബന്ധിച്ച്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ഷീരസഹകരണ സംഘങ്ങളിൽ നിന്നും ക്ഷീരകർഷക ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കേണ്ട അംശാദായം ഈടാക്കേണ്ടതില്ല എന്ന രീതിയിൽ ചില ക്ഷീരസംഘം ഭരണസമിതികൾ തീരുമാനമെടുത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത് ക്ഷീരകർഷക ക്ഷേമനിധിയുടെ നിലവിലുള്ള നിയമങ്ങൾക്ക് വിരുദ്ധമാണ്. ക്ഷീരകർഷക ക്ഷേമനിധിയുടെ ചട്ടത്തിന് വിരുദ്ധമായി തീരുമാനങ്ങൾ എടുക്കുവാൻ ക്ഷീരസംഘത്തിന് അധികാരമില്ല എന്നറിയിക്കുന്നു. ആയതിനാൽ മേൽ വിഷയത്തിൽ ടി ക്ഷീരസംഘം ഭരണ സമിതികൾ എടുത്തിട്ടുള്ള തീരുമാനങ്ങൾ അടിയന്തിരമായി റദ്ദാക്കുന്നതിനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്. തുടർന്ന് ഇപ്രകാരമുള്ള നടപടി ക്ഷീരസംഘങ്ങളുടെ ഭാഗത്ത് നിന്നും ഉണ്ടാകാതിരിയ്ക്കുന്നതിന് കർശന നിർദ്ദേശം നൽകേണ്ടതുണ്ട്. ക്ഷീരസംഘങ്ങൾക്ക് നിർദ്ദേശം നല്കിയിട്ടും നടപടികൾ സ്വീകരിയ്ക്കാത്ത സംഘങ്ങൾ എടുത്ത തീരുമാനങ്ങൾ കേരള സഹകരണ നിയമം ചട്ടം 176 പ്രകാരം റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുന്നു.

അംശാദായ കുടിശശിക വരുത്തിയ സംഘങ്ങളിൽ ക്ഷേമനിധി ആക്ടിന് വിധേയമായി കുടിശ്ശിക തുക റവന്യൂ റിക്കവറി വഴി ഈടാക്കുന്നതിന് ഡെപ്യൂട്ടി ഡയറക്ടർമാർ ക്ഷേമനിധിയ്ക്ക് ശുപാർശ നൽകുന്നതിന് കൂടി നിർദ്ദേശിക്കുന്നു.

എബ്രഹാം. ടി. ജോസഫ്
ഡയറക്ടർ/
ക്ഷീരസഹകരണ സംഘം രജിസ്ട്രാർ

പകർപ്പ് :-

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,ക്ഷീരകർഷക ക്ഷേമനിധി ബോർഡ്
2. ഡയറക്ടറേറ്റിലെ എല്ലാ ടെക്നിക്കൽ ഉദ്യോഗസ്ഥർക്കും
3. എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
4. എല്ലാ ജില്ലാ നോഡൽ ഓഫീസർമാർക്കും (എല്ലാ ക്വാളിറ്റികൺട്രോൾ ഓഫീസർമാർക്കും)
5. എല്ലാ ക്ഷീരവികസന ഓഫീസർമാർക്കും ( ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
6. ശേഖരസഞ്ചയം 7. സഞ്ചയം

കെ.ജി.29.01.19